**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഭരണ നൈപുണ്യ വികസനത്തിനായി കേരളത്തിലെ നഗരസഭാ അദ്ധ്യക്ഷൻമാർക്ക് പരിശീലനപരിപാടി - ദ്വിദിന ശിൽപശാല നടത്തുന്നതിന് നഗരസഭകളിൽ നിന്നും തുക ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്നിന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2777/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/10/2018

---

പരാമർശം:- 1. ചേംബർ മുനിസിപ്പൽ ചെയർമെന്നിന്റെ 04/07/2018 ലെ SMH No. 558/2018 നമ്പർ കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 28/09/2018 ലെ DC3/19414/2018 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ നഗരസഭാ അദ്ധ്യക്ഷൻമാർക്ക് ഭരണ നൈപുണ്യ വികസനത്തിനായി ദ്വിദിന ശിൽപ ശാല നടത്തുന്നതിനായി ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ ജനറൽ ബോഡി യോഗം തീരുമാനിച്ചുവെന്നും ആയതിന്റെ ചെലവിലേയ്ക്കായി നഗരസഭകളിൽ നിന്നും 20,000/- രൂപ വീതം ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്നിന് നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (1) പ്രകാരം ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ അഭ്യർത്ഥിക്കുകയുണ്ടായി. നഗരസഭകളുടെ തനതുഫണ്ടിൽ നിന്നും ടി തുക (20,000/- രൂപ) അനുവദിക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ നഗരസഭാ അദ്ധ്യക്ഷൻമാർക്ക് ഭരണ നൈപുണ്യ വികസനത്തിനായി ദ്വിദിന ശിൽപ ശാല നടത്തുന്നതിനായി നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും 20,000/- (ഇരുപതിനായിരം) രൂപ വീതം ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെന്നിന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 695010
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.